# സപ്ലൈകോ തുണി സഞ്ചി വാങ്ങിയത്
# ഇ-ടെണ്ടർ വഴി

സർക്കാർ നിശ്ചയിച്ച നാലുമാസത്തെ പ്രത്യേക അതിജീവന കിറ്റിനുള്ള തുണി സഞ്ചികൾ വാങ്ങുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചത് സംസ്ഥാന സർക്കാരിന്റെ www.etenderkerala.gov.in പോർട്ടൽ വഴിയാണ്. സമയബന്ധിതവും നടപടിക്രമങ്ങളും പാലിച്ചാണ് തുണി സഞ്ചികൾ വാങ്ങിയതെന്നും അല്ലാതെ പ്രചരിക്കുന്ന വാർത്തകൾ വസ്തുതാ വിരുദ്ധവുമാണെന്നും സപ്ലൈകോ അധികൃതർ അറിയിച്ചു. ഹെഡ് ഓഫീസ് മാനേജ്മെൻറ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് സഞ്ചികൾ വാങ്ങിയിട്ടുള്ളത്.കൂടാതെ ഇവ വാങ്ങുന്നതിന് സ്റ്റോർ പർച്ചേഴ്സ് റൂളുകളിൽ നിന്ന് കുടുംബശ്രീയെ ഒഴിവാക്കിയിട്ടുമുണ്ട് .ഒരു നിശ്ചിത ശതമാനം വരെ ഡിപ്പോകൾക്ക് സംഭരിക്കാനവകാശവുമുണ്ട്. എന്നിട്ടും ടെണ്ടറിൽ പങ്കെടുത്തവരിൽ നിന്നും മാനദണ്ഡങ്ങൾ പാലിച്ച് ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ കമ്പനികൾക്കാണ് പർച്ചേസ് ഓർഡർ നൽകിയത്.ഇതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കമ്പനി അപ്രതീക്ഷിതമായി പിൻമാറിയാൽ പുതിയ ടെണ്ടർ നടപടിക്രമങ്ങളിലേക്കു കടക്കുന്നതിനുള്ള സമയക്കുറവുമൂലം അതത് ഡിപ്പോകളിൽ ടെണ്ടറുകളിൽ പങ്കെടുത്ത അടുത്ത കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയവർക്ക് പർച്ചേസ് ഓർഡർ നൽകിയത്. പർച്ചേസ് ഓർഡർ പ്രകാരം തുണി സഞ്ചി വിതരണം ചെയ്യാനുള്ള കാലതാമസം ഉണ്ടാകുമ്പോൾ കുടുംബശ്രീ, മറ്റ് സഹകരണ സ്ഥാപനങ്ങൾ വഴി ആവശ്യമായ മാനദണ്ഡങ്ങൾ പാലിച്ച് സപ്ലൈകോയുടെ 56 ഡിപ്പോകൾ ഡിഎം സി മുഖേനയാണ് വാങ്ങുന്നതെന്നും അധികൃതർ അറിയിച്ചു. വസ്തുത ഇതായിരിക്കെ സപ്ലൈകോയുടെ ഭാഗത്ത് നിന്ന് യാതൊരു വിധ ഇടപെടലുകളുമുണ്ടായിട്ടില്ല . കോവിഡിനെ നേരിടുന്നതിന്റെ ഭാഗമായി എല്ലാവർക്കും ഭക്ഷ്യവസ്തുക്കൾ എത്തിക്കുക മാത്രമെ സപ്ലൈകോ ചെയ്തിട്ടുള്ളൂവെന്നും അധികൃതർ അറിയിച്ചു.

**പബ്ളിക് റിലേഷൻസ് ഓഫീസർ**
**സപ്ളൈകോ**